LIBRARY ARCHIVES Kerala Legislative Assembly

എസ്.വൈ.-II ആരംഭിച്ചിരിക്കുന്നത്. PMGSY പദ്ധതിക്ക് റോഡുകൾ തിരഞ്ഞെടുക്കുന്ന അടിസ്ഥാന രേഖയായ ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ (DRRP) നവീകരിക്കുന്നതിലേയ്ക്കുവേണ്ടി പി.എം.ജി.എസ്.വൈ.-ആർ.ഐ.ഡി.എഫ്. എന്നിവയിൽ നിർമ്മിച്ച റോഡുകളും ഉൾപ്പെടുത്തി ജി.ഐ.എസ്സ്. പ്ലാറ്റ് ഫോമിൽ ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ (DRRP) തയ്യാറാക്കുന്നു. പ്രധാന ഗ്രാമീണ റോഡുകളും ലിങ്ക് റോഡുകളും ഉൾപ്പെടെ ഒരു ജില്ലയിലെ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള എല്ലാ റോഡു ശൃംഖലകളും ചേർന്നതാണ് DRRP. 2011-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെയും ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളായ വിദ്യാഭ്യാസം, ചികിത്സാ സൗകര്യങ്ങൾ, ഗതാഗത വാർത്താവിനിമയ സൗകര്യങ്ങൾ, മാർക്കറ്റുകൾ എന്നിവയുടെ ലഭ്യതയും സർക്കാർ സേവനങ്ങളുടെ ലഭ്യതയും അടിസ്ഥാനമാക്കി റോഡുകളുടെ മുൻഗണന കണക്കാക്കുന്നു. ഇതിലേയ്ക്കായി എല്ലാ വർഷവും കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് എല്ലാ ഗ്രാമീണ റോഡുകളുടെയും അവസ്ഥ (പി.സി.ഐ.) പരിശോധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ നിന്നും ഫണ്ടിന്റെ ലഭ്യതയും എം.പി.മാർ, എം.എൽ.എ.-മാർ എന്നിവരുടെ നിർദ്ദേശങ്ങളും പരിഗണിച്ച് ജില്ലാതല ഗ്രാമീണ റോഡ് പ്ലാനിൽ നിന്നും 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ ഏറ്റെടുക്കാവുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

39 (1510) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ കേന്ദ്രവിഹിതമായി ആകെ എത്ര തുകയാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന വിഹിതമായി തൊഴിലുറപ്പ് പദ്ധതിയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) നടപ്പ് സാമ്പത്തികവർഷം കേന്ദ്രവിഹിതമായി ഇതുവരെ എത്ര തുക ലഭിച്ചിട്ടുണ്ട് എന്നും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക എത്രയെന്നും പറയാമോ ?

1354/2017

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ കേന്ദ്രവിഹിതമായി 620074.32 ലക്ഷം ലഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിലുറപ്പ് പദ്ധതിക്കായി സംസ്ഥാന വിഹിതമായി 12625.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി ഇതുവരെ 107382.14 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. അവിദഗ്ധ തൊഴിൽ വേതനത്തിനായി ലഭിച്ച മുഴുവൻ തുകയും പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന

40 (1511) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പ്രകാരം കൊല്ലം ജില്ലയിൽ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ ഏറ്റവും അവസാനമായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ബ്ലോക്കുകളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെയും റീ-ടെണ്ടർ ചെയ്തശേഷം കരാർ വയ്ക്കാൻ കഴിയാത്ത പ്രവൃത്തികളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന

41 (1512) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജനയ്ക്കായി നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.